പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7420

17/07/2012-ൽ മറുപടിക്ക്

# സുസ്ഥിര നഗര വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. വ ി. ശശി<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സുസ്ഥിര നഗര വികസന പദ്ധതിക്ക് തുടക്കം കുറിച്ചതെന്നാണ്; ഇതിന്റെ കീഴിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) 08/12/2006 നാണ് സുസ്ഥിര നഗരവികസന പദ്ധതിയ്ക്ക് എഡിബി യുമായി കരാറിൽ ഏർപ്പെട്ടത്. 19/03/2007 ലാണ് ലോൺ പ്രാബല്യത്തിൽ വന്നത്.<br>സംസ്ഥാനത്തെ 5 കോർപ്പറേഷനുകളുടെ പശ്ചാത്തല മേഖലയിലെ സമഗ്ര വികസനത്തിനാണ് പദ്ധതി രൂപീകൃതമായത്. അടിസ്ഥാന മേഖലകളായ കുടിവെള്ളം, മലിനജല നിർമ്മാർജനം, മാലിന്യ സംസ്കരണം, ഗതാഗത സൗകര്യ വികസനം, ദാരിദ്ര്യ ലഘൂകരണം, ഭരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ. |
| (ബി) പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ പുരോഗതി എന്താണെന്ന് വെളിപ്പെടുത്തുമോ ; | (ബി) 100 പാക്കേജുകളുടെ നിർവ്വഹണത്തിൽ ലക്ഷ്യമിട്ടിരുന്ന പദ്ധതിയിൽ 29 പാക്കേജുകൾ പൂർത്തീകരിക്കുകയും 23 എണ്ണം സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നതിന് മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. 27 പാക്കേജുകളുടെ പ്രവർത്തികൾ പുരോഗതിയിലും 6 പാക്കേജുകളുടെ വിശദ പദ്ധതിരേഖ തയ്യാറാക്കുന്ന ഘട്ടത്തിലുമാണ്. 3 പാക്കേജുകളുടെ കരാർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2 പാക്കേജുകൾ എ.ഡി.ബി യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. 2 എണ്ണം സർക്കാരിന്റെ പരിഗണനയിലാണ്. ഉന്നതാധികാര സമിതിയുടെ അനുമതി ലഭിച്ച 2 പാക്കേജുകൾ തുടർനടപടികളിലാണ്. 2 പാക്കേജുകൾ ടെൻഡർ ക്ഷണിക്കുന്നതിനുള്ള ഘട്ടത്തിലാണ്. മതിയായ ടെൻഡറുകൾ ലഭ്യമാക്കാത്തതുമൂലം 4 പാക്കേജുകളുടെ പുനർ ടെൻഡർ നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ശാരീരികമായും മാനസികമായും വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി; ഇതിനകം എത്ര സ്കൂളുകൾ സ്ഥാപിച്ചു ? | (സി) ബഡ്സ് സ്കൂളുകൾ<br>സ്ഥാപിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ